കേരള സർക്കാർ

നമ്പർ.236/ഡി.ബി-1/2018/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 28.03..2018.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്– ലൈഫ് മിഷൻ - ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണത്തിനായി ത്രിതലപഞ്ചായത്തുകൾ നീക്കിവയ്ക്കേണ്ട പദ്ധതി വിഹിതത്തിലെ അനുപാതം നിശ്ചയിക്കുന്നത്- നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/02/2018 ലെ എൽ എഫ്2/511/2017 നമ്പർ കുറിപ്പ്

ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് ത്രിതല പഞ്ചായത്തുകൾ വകയിരുത്തേണ്ട തുകയുടെ അനുപാതം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ലൈഫ് പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കൾക്കും വീട് നൽകാനുള്ള പ്രൊജക്റ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2) ഇതിനാവശ്യമായ മുഴുവൻ തുക അല്ലെങ്കിൽ കുറഞ്ഞത് വികസന ഫണ്ടിന്റെ 20 % തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നീക്കിവെക്കേണ്ടതാണ്.

3) ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ PMAY യ്ക്ക് നൽകാനുള്ള തുക കൂടി പ്രസ്തുത തുകയിൽ നിന്ന് നൽകിയതിനു ശേഷം ബാക്കി വരുന്ന തുക പൂർണ്ണമായും ലൈഫ് പദ്ധതിയ്ക്കായി നീക്കിവെക്കേണ്ടതാണ്.

4) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ ലൈഫ് പദ്ധതിയ്ക്കായി നീക്കി വെച്ച തുക ഓരോ ഗ്രാമ പഞ്ചായത്തിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രാമ പഞ്ചായത്തുകൾക്ക് വീതിച്ചുനൽകേണ്ടതാണ്.

5) ഇപ്രകാരം ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന തുകയും, സ്വന്തം നിലയിൽ പരമാവധി വകയിരുത്താവുന്ന തുകയ്ക്കുമുപരിയായി വേണ്ടി വരുന്ന തുക പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ വായ്പയായി കാണിക്കാവുന്നതാണ് .

6) ഭവനരഹിതരായ എല്ലാ ഗുണഭോക്താകൾക്കും വീട് അനുവദിക്കുന്നതിനുള്ള തുക ഗ്രാമ പഞ്ചായത്തിനു തന്നെ സ്വന്തം നിലയിൽ കണ്ടെത്താമെങ്കിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ആവശ്യപ്പെടേണ്ടതില്ല .

7) 2018-19 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് മിഷനായി നീക്കി വയ്ക്കുന്ന തുക, പൂർത്തീകരിക്കാനുള്ള ഭവനങ്ങളുടെ പൂർത്തീകരണത്തിനും ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണത്തിനും വകയിരുത്തിയശേഷം ബാക്കി ഉണ്ടെങ്കിൽ മാത്രം ലൈഫിന്റെ മറ്റു ഘടകങ്ങൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ സെക്രട്ടറി(അർബൻ/റൂറൽ) യുടെ പി.എയ്ക്ക്